പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2078 **26-10-2026-ൽ മറുപടിയ്ക്ക്**

കെ-സ്റ്റോർ (K-store) മുഖേന സബ്സിഡി നിരക്കിൽ പലവ്യഞ്ജനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് മുൻ സർക്കാർ പൊതുവിതരണ കേന്ദ്രത്തോട് ചേർന്ന് നടപ്പിലാക്കിയ കെ സ്റ്റോർ (K-store) പദ്ധതി നിലവിൽ എത്ര പൊതുവിതരണ കേന്ദ്രത്തിൽ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

മറുപടി: 2551 പൊതുവിതരണ കേന്ദ്രങ്ങളിൽ കെ-സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം** ആയി ചേർക്കുന്നു.

(ബി) മാവേലിസ്റ്റോർ മുഖേന വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ കെ സ്റ്റോർ (K-store) മുഖേന നല്കി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ പ്രായോഗിക തടസ്സങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

മറുപടി: ഇല്ല. മാവേലിസ്റ്റോർ മുഖേന വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ കെ-സ്റ്റോർ മുഖേന വിതരണം ചെയ്യുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) ജനങ്ങൾക്ക് അവരുടെ വീടിനടുത്തുള്ള പൊതുവിതരണ കേന്ദ്രത്തിൽ നിന്നും സബ്സിഡി നിരക്കിൽ പലവ്യഞ്ജനങ്ങൾ ലഭ്യമാക്കുന്നതിന് കെ സ്റ്റോർ (K-store) വഴി സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മറുപടി: കെ സ്റ്റോർ (K-store) വഴി സബ്സിഡി സാധനങ്ങൾ വിൽക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പർ	ജില്ല	കെ-സ്റ്റോറുകളുടെ എണ്ണം
1	തിരുവനന്തപുരം	206
2	കൊല്ലം	195
3	പത്തനംതിട്ട	165
4	ആലപ്പുഴ	130
5	കോട്ടയം	214
6	ഇടുക്കി	175
7	എറണാകുളം	238
8	തൃശ്ശൂർ	518
9	പാലക്കാട്	181
10	മലപ്പുറം	156
11	കോഴിക്കോട്	131
12	വയനാട്	81
13	കണ്ണൂർ	110
14	കാസർഗോഡ്	51
ആകെ		**2551**